# സാമൂഹിക-സാമ്പത്തികസർവേയുടെ കാര്യത്തിൽ എൻ.എസ്.എസ്സിന്റെ നിലപാട്

ഭരണഘടനയുടെ 103-ാം ഭേദഗതി അനുസരിച്ച് മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള 10 ശതമാനം സംവരണം കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി സാമ്പത്തികപിന്നാക്കാവസ്ഥയുടെ മാനദണ്ഡം നിർണ്ണയിക്കുന്നതിന് സർക്കാർ ശശിധരൻനായർകമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മീഷൻ നല്കിയ റിപ്പോർട്ടിൽ മുന്നാക്കസമുദായങ്ങളിലെ പിന്നാക്കക്കാരെ നിർണ്ണയിക്കാൻ വേണ്ടിയുള്ള മാനദണ്ഡങ്ങൾ മൂന്നുവർഷക്കാലത്തേക്ക് നിശ്ചയിച്ചിട്ടുണ്ട്. ആ കാലാവധി നാളിതുവരെ അവസാനിച്ചിട്ടില്ല.

കേരളസംസ്ഥാന മുന്നാക്കസമുദായങ്ങളുടെ പിന്നാക്കവിഭാഗകമ്മീഷൻ ചെയർമാൻ ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് 2019 ഫെബ്രുവരിയിൽ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിലെ പ്രധാന ശിപാർശയാണ് സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക-സാമുദായികസർവേ നടത്തണമെന്നും മുഴുവൻ സമുദായങ്ങളുടെയും ജനസംഖ്യാകണക്ക് എടുക്കണമെന്നും ഉള്ളത്. ഈ ശിപാർശ നടപ്പിലാക്കുവാൻ എന്ന വ്യാജേനയാണ് ഒരു വാർഡിലെ അഞ്ചു കുടുംബങ്ങളുടെ വിവരം മാത്രം ശേഖരിച്ച് സാമ്പിൾ സർവേ നടത്താൻ കമ്മീഷൻ ഒരുങ്ങുന്നത്.

മുഴുവൻ സമുദായങ്ങളുടെയും ജനസംഖ്യാകണക്കെടുപ്പും ഓരോ സമുദായത്തിന്റെയും സാമൂഹിക-സാമ്പത്തിക-സാമുദായികസർവേയും നടത്താനുള്ള ശിപാർശ അട്ടിമറിച്ചുകൊണ്ടാണ്, അതിന് കടകവിരുദ്ധമായി സാമ്പിൾ സർവേ നടത്തുന്നത്. അതിലൂടെ മുന്നാക്കവിഭാഗങ്ങളിലെ പിന്നാക്കാവസ്ഥയുടെ നേർചിത്രം രേഖപ്പെടുത്താൻ കഴിയില്ല.

ഒരു സർവേ നടത്താൻ ഏറ്റവും അടിസ്ഥാനപരമായി കമ്മീഷൻ ചെയ്യേണ്ടിയിരുന്നത്, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികപിന്നാക്കാവസ്ഥ നിർണ്ണയിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആ മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനുള്ള ശാസ്ത്രീയമായ രീതി നിർണ്ണയിക്കുകയുമായിരുന്നു. ഇതൊന്നും ചെയ്യാതെ ദ്രുതഗതിയിൽ സർവേ നടത്താനുള്ള ശ്രമം മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്ന വിഭാഗത്തിന്റെ അവകാശങ്ങൾ ധ്വംസിക്കുന്നതാണ്.

ആയതിനാൽ, കമ്മീഷന്റെതന്നെ ശിപാർശകൾക്ക് എതിരായിട്ടുള്ളതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ സർവേ നടപടികളിൽനിന്ന് പിന്തിരിയണമെന്ന് ആവശ്യപ്പെടുന്ന നിവേദനം കമ്മീഷനും, അക്കാര്യത്തിൽ കമ്മീഷന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം മുഖ്യമന്ത്രിക്കും എൻ.എസ്.എസ്. നല്കുകയുണ്ടായി.

അശാസ്ത്രീയമായ സാമ്പിൾ സർവ്വേ നടപടികൾ നിർത്തിവെയ്ക്കണമെന്നാവശ്യപ്പെട്ട് മുന്നാക്കവിഭാഗ കമ്മീഷന് അയച്ചിട്ടുള്ള കത്തിനുള്ള കമ്മീഷന്റെ മറുപടി 29.11.2021-ൽ ലഭിച്ചു. സാമ്പിൾ സർവ്വേയെ സംബന്ധിച്ച് എൻ.എസ്.എസ്. ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ ശരിയാണെന്ന് മറുപടിക്കത്തിൽ കമ്മീഷൻ സമ്മതിച്ചിട്ടുണ്ട്.

എൻ.എസ്.എസ്. ആവശ്യപ്പെട്ടപ്രകാരം വിശദവും ശാസ്ത്രീയവുമായ സർവ്വേ നടത്തണമെന്ന ജസ്റ്റീസ് എ.വി.രാമകൃഷ്ണപിള്ളകമ്മീഷൻറിപ്പോർട്ടിലെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ആണെന്നും അതിനെ സംബന്ധിച്ച് നാളിതുവരെ സർക്കാർ തീരുമാനം എടുത്തിട്ടില്ല എന്നും അതിനാൽ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി അവസാനിക്കും മുമ്പ് ഏറ്റവും കൂടുതൽ പിന്നാക്കാവസ്ഥയുള്ള ഏതാനും ആളുകൾക്കെങ്കിലും സഹായങ്ങൾ ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്താലാണ് സാമ്പിൾ സർവ്വേ നടത്താൻ തീരുമാനിച്ചതെന്നും കമ്മീഷന്റെ മറുപടിയിൽ പറഞ്ഞുകാണുന്നു. മുന്നാക്കക്ഷേമത്തിനായുള്ള കമ്മീഷൻ ഒരു സ്ഥിരംകമ്മീഷനാണ്. അതിനാൽ ഇപ്പോഴുള്ള കമ്മീഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കും മുമ്പ് ഫലപ്രാപ്തി ലഭിക്കത്ത നിലയിൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്തുതീർക്കണമെന്ന കമ്മീഷന്റെ നിലപാട് ന്യായീകരണമില്ലാത്തതും മുന്നാക്കസമുദായങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധവുമായതിനാൽ മുന്നാക്കവിഭാഗങ്ങൾക്ക് ഒരു നിലയിലും സഹായകരമല്ലാത്ത സാമ്പിൾ സർവ്വേയിൽ നിന്നും കമ്മീഷൻ പിന്മാറണമെന്ന ഉറച്ച നിലപാടാണ് എൻ.എസ്.എസ്സിനുള്ളത്.